ഒരു ടോക്കൺ നൽകും. ടോക്കൺ ലഭിച്ച അപേക്ഷകന് തടി തെരഞ്ഞെടുക്കാം. തെരഞ്ഞെടുത്ത തടിയുടെ പത്തിലൊന്ന് വില, പരമാവധി 20,000 രൂപ പണമായോ അല്ലെങ്കിൽ ആ സ്ഥലത്ത് മാറ്റാൻ കഴിയുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കണം. ബാക്കി പണം നികുതികൾ ഉൾപ്പെടെ മൂന്ന് ദിവസത്തിനകം അടച്ച്, ഏഴ് ദിവസത്തിനുള്ളിൽ തടികൾ നീക്കം ചെയ്യണം.

**ധന-റവന്യൂ കമ്മി കുറയ്ക്കുന്നതിന് നടപടി**

8 (*458) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ കടബാദ്ധ്യത വർദ്ധിക്കുന്നത് സാമ്പത്തിക വളർച്ചയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ധനക്കമ്മി കുറച്ചുകൊണ്ടുവരുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ തനതു വരുമാനത്തിൽ കഴിഞ്ഞ 5 വർഷക്കാലത്തെ വളർച്ച വ്യക്തമമാക്കുമോ ; മൂലധന ചെലവിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

(ഡി) റവന്യൂ കമ്മി കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ദോഷകരമായി ബാധിച്ചിട്ടില്ല.

(ബി) സാധിച്ചിട്ടുണ്ട്. 2005-06-ൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ 3.33 ശതമാനം ആയിരുന്നു ധനക്കമ്മി. 2009-10-ലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് ഇത് 3.16 ശതമാനമായി കുറഞ്ഞു.

(സി) സംസ്ഥാനത്തിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ തനതു വരുമാനത്തിന്റെ വളർച്ച ചുവടെ ചേർക്കുന്നു :

| | | (തുക കോടിയിൽ) |
|---|---|---|
| 2005-06 | - | 10715.4 |
| 2006-07 | - | 12879.39 |
| 2007-08 | - | 14878.50 |
| 2008-09 | - | 17549.47 |
| 2009-10 | - | 19294.54 (പ്രാഥമിക കണക്ക്) |



LIBRARY ARCHIVES Kerala Legislative Assembly

2005-06-ൽ 1104.06 കോടി രൂപയായിരുന്ന മൂലധനചെലവ് അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2009-10-ൽ 2751.05 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

(ഡി) ♦ വാണിജ്യ നികുതി വകുപ്പിൽ നികുതി പിരിവ് കാര്യക്ഷമമാക്കാൻ ഇ-ഫയലിംഗ്, ഇ-പേമെന്റ് സംവിധാനങ്ങൾ നടപ്പിലാക്കി.

♦ ചെക്ക് പോസ്റ്റുകളിലെ നികുതി വെട്ടിപ്പ് തടയാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു.

♦ ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിച്ച് അതനുസരിച്ചുള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കി വരുന്നു.

♦ പുതിയ നികുതിയേതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

♦ അനാവശ്യ ചെലവുകൾ ഒഴിവാക്കി റവന്യൂചെലവ് നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതെല്ലാമാണ് റവന്യൂ കമ്മി നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ.

**കലവറയിലൂടെ ഭവനനിർമ്മാണ സാമഗ്രികൾ എല്ലാവർക്കും നൽകാൻ നടപടി**

9 (*459) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'കലവറ' എന്ന പേരിൽ ന്യായവില കേന്ദ്രം എന്നാണ് നിലവിൽ വന്നത് ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) പ്രഖ്യാപിത ലക്ഷ്യമനുസരിച്ചുള്ള പ്രവർത്തന വിജയം കൈവരിക്കുവാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞുവോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ന്യായവിലയ്ക്കു സാധന സാമഗ്രികൾ ലഭിക്കുമെന്ന പ്രതീക്ഷയിൽ പ്രസ്തുത കേന്ദ്രത്തെ സമീപിക്കുന്ന സാധാരണക്കാർക്ക് അത്യാവശ്യ സാധനങ്ങൾ പോലും യഥാസമയം ലഭിക്കുന്നില്ലായെന്ന സംഗതി

LIBRARY ARCHIVES Kerala Legislative Assembly